പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1281 — 12/03/2015 -ൽ മറുപടിക്ക്

**ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്. | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതോടെ നിലവിൽ ലൈസൻസെടുത്തു പ്രവർത്തിച്ചുവരുന്നവരുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കിയതുമൂലം രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലാത്തതിനാൽ പുതിയ സാങ്കേതികവിദ്യ ആധാരമെഴുത്തുകാരുടെ തൊഴിലിനെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല. |
| ബി) ലൈസൻസികൾക്ക് സർക്കാർതലത്തിൽ ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ലൈസൻസികൾക്ക് സർക്കാർതലത്തിൽ ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുളള നടപടി സ്വീകരിക്കും |
| സി) അഭിഭാഷകർ പ്രസ്തുത രംഗത്തേയ്ക്ക് കടന്നുവരുന്നതിനെതിരെയും, 2009-ലെ എഴുത്ത് ഫീസ് പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | സി) അഭിഭാഷകർ പ്രസ്തുത രംഗത്തേക്ക് കടന്നുവരുന്നതിനെ നിയന്ത്രിക്കാൻ നിയമാനുസൃതമായി സാധിക്കുന്നതല്ല. എഴുത്ത് ഫീസ് പരിഷ്ക്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| ഡി) ആധാരങ്ങളിൽ കെട്ടിടങ്ങളുടെ വില കാണിക്കുന്നതിന് മാനദണ്ഡം ഉണ്ടാകുമോ ; | ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| ഇ) ആധാരത്തിൽ ഭൂമിയുടെ ഇന്നത്തെ കിടപ്പിന് അനുസരിച്ച് ക്ലാസിഫിക്കേഷൻ ചേർക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ആധാരങ്ങളിൽ ഭൂമിയുടെ ഇനം/തരം എന്നിവ ചേർക്കുന്നത് സംബന്ധിച്ച നിലവിലുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.